ഉറപ്പുവരുത്തിയിട്ടുള്ള കമ്പനികളിൽ നിന്നും ക്വട്ടേഷൻ മുഖേനയല്ലാതെയാണ് ലീഫ് സെറ്റുകൾ വാങ്ങുന്നത്.

(ജി) 1996 മെയ് മുതൽ 1999 ആഗസ്റ്റ് വരെയുള്ള കാലയളവിൽ മൊത്തം രണ്ടുകോടി നാല്പത്തി ഒന്നു ലക്ഷത്തി മൂപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ചു രൂപയ്ക്കുള്ള (2,41, 32,925 രൂപ) ലീഫ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്.

ഗുരുവായൂർ വേളാങ്കണ്ണി മധുര ബസ് സർവ്വീസ്

88 (2801) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ;

(ബി) ഇവയിൽ ഓർഡിനറി, ഫാസ്റ്റ്, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ് എന്നീ സർവ്വീസുകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) ഹരിപ്പാട്ടു നിന്നും ഗുരുവായൂർ-പളനി വഴി വേളാങ്കണ്ണി, മധുര തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു; പ്രസ്തുത സർവ്വീസുകൾ ഉടൻ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) ആലപ്പുഴ-വല്യഴീക്കൽ ഫാസ്റ്റ് നിർത്തലാക്കിയത് പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(എഫ്) യാത്രാക്ലേശം പരിഹരിക്കുന്നതിന് ഹരിപ്പാട് പ്രദേശത്തേയ്ക്ക് മുൻകാലങ്ങളിൽ സർവ്വീസ് നടത്തിയിരുന്നതും ഇപ്പോൾ നിറുത്തലാക്കിയിരിക്കുന്നതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ :

(ജി) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 28 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ഓർഡിനറി - 18

ഫാസ്റ്റ് - 10

(സി) ഉണ്ട്.

(ഡി) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ പ്രസ്തുത റൂട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ സർവ്വീസുകൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ഇ) നിശ്ചിത വരുമാനം ലഭിക്കാത്തതുമൂലം നിറുത്തലാക്കിയ ഈ സർവ്വീസ് പുനരാരംഭിക്കുവാൻ ഇന്നത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

(ജി) ബസ്സുകളുടെയും ജീവനക്കാരുടെയും ലഭ്യത അനുസരിച്ച് ദേശസാൽക്കൃത മേഖലയിലെ എല്ലാ സർവീസുകളും കൃത്യമായി ഓപ്പറേറ്റ് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു. ദേശസാൽക്കൃതമല്ലാത്ത മേഖലയിലെ ലാഭകരമല്ലാത്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. മലപ്പുറം ഡിപ്പോയിലെ ടി.എ. 694-ാം നമ്പർ ബസ്

89 (2802) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. മലപ്പുറം ഡിപ്പോയിലെ ടി.എ. 694-ാം നമ്പർ ബസ് കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷന്റെ പെരിന്തൽമണ്ണയിൽ നടന്ന സംസ്ഥാന സമ്മേളനത്തിനായി വാടകയ്ക്ക് കൊടുത്തിരുന്നോ ;

(ബി) എങ്കിൽ എത്ര രൂപ വാടകയിനത്തിൽ ലഭിച്ചു ;

(സി) വാടക ഈടാക്കിയില്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധിച്ച് വന്ന പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അനധികൃതമായി ബസ് മലപ്പുറത്തുനിന്നും പെരിന്തൽമണ്ണയിലേയ്ക്ക് ഈ സമ്മേളനത്തിനായി ഉപയോഗിച്ചെങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി എടുത്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വാടകയ്ക്ക് കൊടുത്തിരുന്നില്ല. മലപ്പുറത്തുനിന്നും പെരിന്തൽമണ്ണയിലേയ്ക്ക് ഒരു ട്രിപ്പ് റൂട്ട് മാറ്റി സർവ്വീസ് അയച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സർവ്വീസായി അയയ്ക്കുന്ന ബസ് ട്രിപ്പിനു വാടകയീടാക്കാൻ നിയമമില്ല.

(ഡി) ഉണ്ട്.

(ഇ) മലപ്പുറത്തുനിന്ന് പെരിന്തൽമണ്ണയിലേയ്ക്ക് ഒരു ട്രിപ്പ് റൂട്ട് മാറ്റി സർവ്വീസിനയച്ച് കൺട്രോളിംഗ് ഇൻസ്പെക്ടറിൽ നിന്ന് വരുമാനത്തിലുണ്ടായ നഷ്ടം ഈടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly